# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിറമരുതൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM.16/2023/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/11/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നിറമരുതൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM.16/2023/23 തീയ്യതി: 03/11/2023

## മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-02-2023 മുതൽ 08-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ കെ കെ (കെ എ എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2023 | 19-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-08-2023 | 19-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ. പി.,ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് ഫാറൂഖ്.കെ.പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അനീത് ബാബു.കെ.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സുജിത പി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഇസ്മയിൽ പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ടി കെ ബാബു | സെക്രട്ടറി | 01-04-2022 | 06-05-2022 |
| ശ്രീമതി സിനി മോൾ സി ഐ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-05-2022 | 12-05-2022 |
| ശ്രീ. ജി വി ജയകുമാർ | സെക്രട്ടറി | 13-05-2022 | 28-09-2022 |
| ശ്രീമതി. ബിന്ദു. ഇ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-09-2022 | 10-10-2022 |
| ശ്രീ. ബിനുരാജ് ബി | സെക്രട്ടറി | 11-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിന്ദു. ഇ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 20-10-2022 |
| ശ്രീമതി സിനി മോൾ സി ഐ | അസിസ്റ്റന്റ് സെക്രട്ടറി | 21-10-2022 | 31-03-2023 |
| ശ്രീമതി. മഞ്ജു ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. സമീർ മുഹമ്മദ് | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീമതി. ശിൽപ പി | കൃഷി ഓഫീസർ | 30-07-2022 | 05-08-2022 |
| ശ്രീമതി. അഞ്ജു കെ കെ | കൃഷി ഓഫീസർ | 06-08-2022 | 31-03-2023 |
| ശ്രീമതി. അനിത സി | വി ഇ ഒ 1 | 01-04-2022 | 22-07-2022 |
| ശ്രീമതി. ഷീബ എം വി | വി ഇ ഒ 1 | 23-07-2022 | 31-03-2023 |
| ശ്രീ.അനീഷ് കുമാർ എം | വി ഇ ഒ 2 | 01-04-2022 | 08-07-2022 |
| ശ്രീമതി. അനിത സി | വി ഇ ഒ 2 ഇൻ ചാർജ്ജ് | 09-07-2022 | 06-08-2022 |
| ശ്രീമതി. ഷീബ എം വി | വി ഇ ഒ 2 ഇൻ ചാർജ്ജ് | 07-08-2022 | 29-08-2022 |
| ശ്രീ.അനീഷ് കുമാർ എം | വി ഇ ഒ 2 | 30-08-2022 | 31-03-2023 |
| ശ്രീമതി. വിബിത സി | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സൌമ്യ മുരളീധരൻ പി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഗ്രേസി കെ പി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-01-2023 |

| | | | |
|---|---|---|---|
| ശ്രീ. മുഹമ്മദ് സജീർ ടി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-02-2023 | 31-03-2023 |
| ഡോ. നിഷ പി ബി | മെഡിക്കൽ ഓഫീസർ( പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. അനിത ഫിലിപ്പ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 15-12-2022 |
| ഡോ. ബുഷ്റ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 16-12-2022 | 31-03-2023 |
| ശ്രീ. സാദിഖ് പി പി | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. ഷാജിത്ത് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമിതി. സൗമ്യ മുരളീധരൻ. പി. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സ**ർ**ട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകക**ൾ** തമ്മി**ൽ** പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-3 |
| 5 | തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | അനുബന്ധരേഖകൾ ഇല്ല | 1-1-6 |
| 8 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച ഗ്രാന്റ് തുകകൾക്ക് അപ്രോപ്രിയേഷൻ ക**ൺ**ട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-8 |
| 10 | വാർഷിക കണക്ക്, എ.സി.ആർ എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | തുക ക്രമീകരിച്ചിട്ടില്ല | 1-1-10 |
| 12 | പാസ് ബുക്ക് ബാലൻസ് പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-12 |
| 14 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമപദ്ധതികൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | തനത് വരുമാന സമാഹരണം - അവലോകനം. | 1-11 |
| 25 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാ**ൻ** അവശേഷിക്കുന്ന മു**ൻ**കൂറുകൾ സംബന്ധിച്ച് | 1-12 |
| 26 | ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചടക്കാത്ത തുക തിരികെ ഈടാക്കി തനത് ഫണ്ടിലൊടുക്കേണ്ടതാണ് | 1-13 |

| | | |
|---|---|---|
| 27 | എസ്.എസ്.കെ വിഹിതം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ₹6,00,000/- തടസ്സം ചെയ്യുന്നു. | 1-14 |
| 28 | നിറമരുതൂർ ഗ.വ. യു.പി.സ്കൂളിലേക്ക് സൗണ്ട്സ് സിസ്റ്റവും അനുബന്ധ സാധനങ്ങളും വാങ്ങൽ -നിർവ്വഹണത്തിലെ അപാകതകൾ | 1-15 |
| 29 | സാക്ഷരത മിഷൻ - തുല്യത പരീക്ഷക്ക് ഫീസ് അടവാക്കൽ -രേഖകൾ ലഭ്യമല്ല – 36400/-രൂപ തടസ്സം ചെയ്യുന്നു. | 1-16 |
| 30 | അഗതി രഹിത കേരളം പദ്ധതി - തുക വിനിയോഗത്തിന്റെ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. | 1-17 |
| 31 | പരിരക്ഷ പദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ | 1-18 |
| 32 | എഫ്.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-19 |
| 33 | രോഗ പ്രതിരോധ പ്രവർത്തനങ്ങൾ -ചെലവ് രേഖകൾ ഹാജരാക്കിയില്ല - ₹ 22,840/- രൂപ തടസ്സം ചെയ്യുന്നു | 1-20 |
| 34 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ -മരുന്നുകൾ ലഭ്യമായില്ല | 1-21 |
| 35 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ് | 1-22 |
| 36 | പുതിയ തുറന്ന കിണർ- VEO നടപ്പാക്കിയ പദ്ധതി- സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നുറപ്പു വരുത്തേണ്ടതാണ് | 1-23 |
| 37 | ഹരിത കർമ സേനയുടെ വാഹനം -ലോഗ് ബുക്ക് പരിപാലിക്കുന്നില്ല | 1-24 |
| 38 | ലൈഫ് ഭവന പദ്ധതി- തെരഞ്ഞെടുക്കപ്പെട്ട ചില ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 39 | പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ കണക്കുകൾ ലഭ്യമല്ല. സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-26 |
| 40 | പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ കണക്കുകൾ ലഭ്യമല്ല. സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-27 |
| 41 | ലൈഫ് ഭവന നിർമാണ പദ്ധതി - അവലോകനം | 1-28 |
| 42 | ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം | 1-29 |
| 43 | മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി - അടവാക്കിയത് 22,263 രൂപ | 1-30 |
| 44 | പാപ്പിനിത്തറ തോട് പ്രൊട്ടക്ഷൻ - തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ കരാറുകാരന് അധിക തുക നൽകി.- നഷ്ടം 22306 രൂപ | 1-31 |
| 45 | കരിമരം കുളം നവീകരണം - ഗുണനിലവാരമില്ലാതെ പ്രവൃത്തി നടപ്പാക്കിയതിനാൽ തുക പാഴ്ചെലവ് | 1-32 |

| | | |
|---|---|---|
| 46 | പഞ്ചായത്ത് സ്കൂൾ കെട്ടിടങ്ങളുടെ വിസ്തീർണ്ണം (Area) ഫിറ്റ്നസ് സർട്ടിഫിക്കറ്റുമായി പൊരുത്തപ്പെടുന്നില്ല. | 1-33 |
| 47 | അസിസ്റ്റന്റ്. എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ 106167.53 രൂപ നീക്കിയിരിപ്പ് - കാഷ് ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല. | 1-34 |
| 48 | റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് സംബന്ധിച്ച് | 1-35 |
| 49 | ദുരാതശ്വാസ നിധി രേഖകൾ സൂക്ഷിക്കുന്നില്ല | 1-36 |
| 50 | രേഖകൾ ഹാജരാക്കിയിട്ടില്ല | 1-37 |
| 51 | ലൈബ്രറി സെസ്സ്-പിരിച്ചെടുത്ത തുക അടവാക്കാൻ അവശേഷിക്കുന്നു | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പാപ്പിനിത്തറ തോട് പ്രൊട്ടക്ഷൻ - തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ കരാറുകാരന് അധിക തുക നൽകി.- നഷ്ടം 22306 രൂപ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/14.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം
തീയതി :

### 1-1-1 എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 5812308/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 11890854/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

എ) ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ലോൺ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.
ബി) B-18 പ്രകാരം Temporary Advance For Official Purposes ഇനത്തിൽ 56616/- രൂപയും Advance To NREGS ഇനത്തിൽ 603414/- രൂപയും Advance To Others ഇനത്തിൽ 175397/- രൂപയും അഡ്വാൻസായി നൽകിയിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ അഡ്വാൻസ് രജിസ്റ്ററിൽ ഇല്ല.
സി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള റവന്യൂ ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

Cash Book (Financial Statement)-12832499

AFS (I-6) - 14290139

ഡി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള മെറ്റീരിയൽ വർക്കിനുള്ള ചെലവ് 3052719/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് B-3 യിൽ ബുക്ക് ചെയ്തിട്ടുള്ളത് 1595079/- രൂപയാണ് .

## 1-1-4 തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് KURDFC യിൽ നിന്ന് ലോണിനത്തിൽ ലഭിച്ച തുക 9554777/- രൂപ RP-31 ൽ Secured Loans- Loan From KURDFC എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിനു പകരം Secured Loans- Other Loans എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-1-6 അനുബന്ധരേഖകൾ ഇല്ല

ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

## 1-1-7 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

AFS B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുക B-17 ൽ നിന്നും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല.

| ഇനം | B-4 പ്രകാരം | B-17 പ്രകാരം |
|---|---|---|
| CFC | 6378894(TIED + UNTIED) | 6772127 |

## 1-1-8 തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച ഗ്രാന്റ് തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള ഗ്രാന്റ് തുകകളിൽ തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ, ഈ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-1-9 വാർഷിക കണക്ക്, എ.സി.ആർ എന്നിവ പൊരുത്തപ്പെടുന്നില്ല.

താഴെ പറയുന്ന ഇനങ്ങളിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച വാർഷിക കണക്കിലെ വിവരങ്ങൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

| | AFS(I-6) | ACR |
|---|---|---|

| | | |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 24638225 | 19779327+ 5093855(source Deduction) = 24873182 |
| വികസന ഫണ്ട് (എസ്.സി.പി) | 3904378 | 3573728+ 689272(source Deduction) = 4263000 |

## 1-1-10 തുക ക്രമീകരിച്ചിട്ടില്ല

SBI SAKSHARATHA (10611583563) 30.04.2022 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ 25.02.2022 ൽ Directly Debited By Bank ആയി ചേർത്ത തുക നാളിതു വരെയായിട്ടും ക്രമീകരിച്ചിട്ടില്ല.

## 1-1-11 പാസ് ബുക്ക് ബാലൻസ് പൊരുത്തപ്പെടുന്നില്ല

NREGS ഫണ്ട് സൂക്ഷിക്കുന്ന UNION BANK OF INDIA (550902010001708) യുടെ 31.03.2023 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Pass Book Balance 0 ആണ് എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2023 ലെ ബാലൻസ് 860044/- രൂപയാണ്.

## 1-1-12 പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും അതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വാർഷിക കണക്കിലെ തുകകൾ വർഷാന്ത്യത്തിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. സംഗ്രഹം രേഖപ്പെടുത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

ഉദാ: ലൈസൻസ് രജിസ്റ്റർ, തൊഴിൽനികുതി രജിസ്റ്റർ

## 1-1-13 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 25.03.2022 ലെ 1 നമ്പർ തീരുമാനം | 21.02.2023 ലെ 1 നമ്പർ തീരുമാനം |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 18151231 |
| വരവ് | 138819398 |
| ആകെ | 156970629 |
| ചെലവ് | 126928544 |
| നീക്കിയിരിപ്പ് | 30042085 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20540145 | 20540145 | 19779327 | 760818 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 3573728 | 3573728 | 3573728 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 3678000 | 3678000 | 397375 | 3280625 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5743000 | 5743000 | 5045439 | 697561 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 8255125 | 8255125 | 6814604 | 1440521 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 4398000 | 4398000 | 3801632 | 596368 |
| ബി ഫണ്ട് | 0 | 38573800 | 38573800 | 38573800 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 199020463 | 140 | 66023460 | 0 | 66 | 67.96 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 860079 | 860079 | 860079 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പെടെ) | 0 | 15885218 | 15885218 | 15885218 | 0 |
| ആകെ | 0 | 16745297 | 16745297 | 16745297 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 425600 | 304 |
| വിധവാപെൻഷൻ | 12698600 | 9178 |
| വാർദ്ധക്യകാലപെൻഷൻ | 20405000 | 15207 |
| വികലാംഗപെൻഷൻ | 4478600 | 3230 |
| വിവാഹ ധനസഹായം | 390000 | 13 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 176000 | 128 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.08.2023 ന് 10.45 AM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതിവർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട്

ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3. നികുതി വരുമാനങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിലും നികുതി പുരോഗതി വിലയിരുത്തുന്ന കാര്യത്തിലും ധനകാര്യ സ്ററാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ധനകാര്യ സ്ററാൻഡിംഗ് കമ്മിറ്റിയുടെ മിനുട്സ് ബുക്കിൽ ഇത്തരം പരാമർശങ്ങൾ ഇല്ല. ട്രേഡേഴ്സിന്റെ വിവരങ്ങൾ സംബന്ധിച്ച് ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല.

4. തനത് ആസ്തികൾ സംരക്ഷിക്കുന്നതിൽ വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. കരിമരം കുളം നവീകരണത്തിന് വേണ്ടി പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും പൊതുജനങ്ങൾക്ക് കുളം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല (പ്രത്യേക ഖണ്ഡിക കാണുക).

5. രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ വീഴ്ച്ച സംഭവിച്ചിട്ടുണ്ട് (വാർഷിക കണക്കുമായി ബന്ധപ്പെട്ട ഖണ്ഡിക കാണുക).

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.09.2022 | 04/2022 മുതൽ 08/2022 വരെ | 26.09.2022 |
| എ.ജി ഓഡിറ്റ് | 05.01.2009 | 2004-05 മുതൽ 2008-09 വരെ | 25.11.2009 |

## 1-11 തനത് വരുമാന സമാഹരണം - അവലോകനം.

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിറമരുതൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്ത നം

ഓഡിറ്റ് വർഷത്തിൽ 21 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കൽ, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതിവരുമാനത്തിന്റെ ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നിർദ്ദേശാനുസരണം ഉള്ള നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ് . 2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവും , സ്ഥാപനത്തിലെ വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്ക പ്രകാരം ലഭ്യമായ | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| | | വരവ് | |
| Property Tax | 3500000 | 3322551 | -177449 |
| Profession Tax | 1350000 | 801970 | -548030 |
| Rental Income | 10000 | 10000 | 0 |
| Licence Fees | 77000 | 103000 | 26000 |
| Building Permit | 300000 | 236461 | -63539 |

പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യാഥാർത്ഥ വരവും തമ്മിൽ ഇത്രയും അന്തരം വരുമ്പോൾ ബജറ്റിന്റെ രൂപീകരണം യാതൊരു മുന്നൊരുക്കവും കൂടാതെ ആണെന്ന് വ്യക്തമാക്കുന്നതാണ്.

വസ്തുനികുതി

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിറമരുതൂർ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11.05.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ 2(1) നമ്പർ തീരുമാന പ്രകാരം താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തുന്നതിന് തീരുമാനിച്ചു.

2. സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് വിധേയമായി കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ താൽക്കാലികമായി നിശ്ചയിച്ച് തീരുമാനിച്ചു.

3. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കുന്നതിന് തീരുമാനിച്ചു.

മേൽ ഭരണ സമിതി തീരുമാനങ്ങൾ കരട് വിജ്ഞാപനമായി പുറപ്പെടുവിച്ച് 15.05.2023 ലെ പത്രത്തിൽ പരസ്യം ചെയ്തിട്ടുമുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറക്ക് സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി നിരക്കുകളിൽ ഈ മാറ്റം വരുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല. ഇത് കാരണം, 01.04.2023ന് ശേഷം പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നിലവിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിക്കുകയും, അന്തിമ വിജ്ഞാപനം വരുന്ന മുറക്ക് പുതിയ നിരക്കിൽ ഈടാക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 400 ൽ പരം അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ

സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് 24.05.2023 ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ 2(1) തീരുമാനിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുയും ചെയ്തിട്ടുണ്ട് . ഇത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നുണ്ട്.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

നിറമരുതൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. നിറമരുതൂർ ഗ്രാമപഞ്ചായത്തിൽ മുൻവർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കി വരുന്നത്.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

ലൈസൻസ് ഫീസ്

1.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല.

2.പഞ്ചായത്ത് പരിധിയിലെ വ്യാപാര സ്ഥാപനങ്ങളെയും വാർഡടിസ്ഥാനത്തിൽ ഉൾപ്പെടുത്തി ട്രേഡ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

മറ്റിനങ്ങൾ

1. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ/ആശുപത്രികൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചട്ട പ്രകാരം ഉള്ള ഫീസ് ഈടാക്കി രജിസ്ട്രേഷൻ എടുത്തു/പുതുക്കി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2.പഞ്ചായത്തിലെ കാലഹരണപ്പെട്ട ആസ്തികൾ, പാഴ്വസ്തുക്കൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ നിറമരുതൂർ ഗ്രാമ പഞ്ചായത്തിലെ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്ര.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | പൈപ്പ് ലൈൻ സ്ഥാപിക്കൽ | 2011-12 & 2012-13 | KWA | 26000 | ലഭ്യമല്ല | 0 | 26000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | കുടിവെള്ള ടാപ്പ് സ്ഥാപിക്കൽ | 2013-14 & 14-15 | KWA | 50000 | ലഭ്യമല്ല | 0 | 50000/- |
| 3 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - കുടിവെള്ള ടാപ്പ് സ്ഥാപിക്കൽ | 2015-16 | KWA | 50000 | ലഭ്യമല്ല | 0 | 50000 |
| 4 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | KWA | 2,00,000 | ലഭ്യമല്ല | 0 | 2,00,000 |
| 5 | 50/18സ്ട്രീറ്റ് മെയിൻ വലിക്കൽ | 2017-18 | KSEB | 3,51,400 | ലഭ്യമല്ല | 2,12,000 | 1,39,400 |
| 6 | 210/18സ്ട്രീറ്റ് മെയിൻ വലിക്കൽ (സ്പിൽ ഓവർ) | | | 1,93,000 | ലഭ്യമല്ല | 0 | 1,93,000 |
| 7 | Street Main വലിക്കൽ (SO050/18) | | KSEB | 3,54,750 | ടി | 0 | 3,54,750 |
| 8 | ഷീ-പാഡ് പ്രൊജക്ട് - GHSS നിറമരുതൂർ | 2017-18 | വനിതാ വികസന കോർപ്പറേഷൻ | 1,16,382 | ടി | 0 | 1,16,382 |
| 9 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2018-19 | KSEB | 157728 | ലഭ്യമല്ല | 0 | 157728 |
| 10 | സ്ട്രീറ്റ് മെയിൻ വലിക്കൽ- റൂർബൻ മിഷൻ | 2020-21 | KSEB | 7902423 | ലഭ്യമല്ല | 0 | 7902423 |
| 11 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | | 36395 | ടി | 0 | 36395 |
| 12 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | | 10343 | ടി | 0 | 10343 |
| 13 | ചെറുകിട ജലസേചന പദ്ധതി | | ചെറുകിട ജലസേചന വിഭാഗം എക്സി. എഞ്ചിനീയർ | 500000 | ടി | 0 | 500000 |
| 14 | ഗ്യാസ് ക്രിമിറ്റോറിയം | | റെയ്ഡ്കോ | 1375000 | ടി | 0 | 1375000 |
| | | | | | | ആകെ | 11111421 |

മേൽ പ്രവൃത്തികളിലായി 11111421- രൂപ വിവിധ ഏജൻസികളിൽ നിന്നും തിരിച്ച് ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-13 ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചടക്കാത്ത തുക തിരികെ ഈടാക്കി തനത് ഫണ്ടിലൊടുക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ഈകാലയളവിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 20000 രൂപ വീതം കൈപ്പറ്റിയ താഴെ പറയുന്ന ജീവനക്കാർ മുഴവൻ തുകയും തിരിച്ചടച്ചിട്ടില്ലെന്ന് കാണുന്നു. തുക തിരിച്ചടക്കാത്ത ജീവനക്കാരുടെ പേര് , തസ്തിക, തിരിച്ചടക്കാനുള്ള തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ജീവനക്കാരന്റെ പേരും തസ്തികയും | ആകെ കൈപ്പറ്റിയ തുക | തിരിച്ചടച്ച തുക | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | ശ്രീമതി ബിന്ദു.കെ, അക്കൗണ്ടന്റ് | 20000/- | 8000/- | 12000/- |
| 2 | ശ്രീമതി സുമി സക്കറിയ (സീനിയർ ക്ലാർക്ക്) | 20000/- | 8000/- | 12000/- |
| 3 | മുൻ ബാക്കി ( വിശദാംശങ്ങൾ ലഭ്യമല്ല) | - | - | 3000/- |
| ആകെ -27000/- | | | | |

മേൽ പറഞ്ഞ പട്ടികയിലെ 4-ാം കോളത്തിൽ തിരിച്ചടച്ച തുക രേഖപ്പെടുത്തിയതിനൊപ്പം രശീതി നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തിരിച്ചടച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുകയും, തിരിച്ചടക്കാനുള്ള തുക ജീവനക്കാരിൽ നിന്നും ഈടാക്കി തനത് ഫണ്ടിലൊടുക്കി വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 13/17.08.2023 ) ന് ലഭിച്ച മറുപടിയിൽ, ശ്രീമതി ബിന്ദു.കെ, അക്കൗണ്ടന്റ് ഒടുക്കാനുണ്ടായിരുന്ന 12000രൂപ , 19.05.2023 ന് SBI E-payment ൽ NEFT ചെയ്തിട്ടുണ്ടെന്നും,ശ്രീമതി സുമി സക്കറിയ, സീനിയർ ക്ലാർക്കിൽ നിന്നും തുക ഈടാക്കി വിവരമറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മുൻ ബാക്കിയായ 3000 രൂപ സംബന്ധിച്ച് മറുപടി സമർപ്പിച്ചിട്ടില്ല.
ആയതിനാൽ ക്രമനം (1) തുകയൊടുക്കിതിന്റെ രേഖാപകർപ്പും, ക്രമനം.(2) ൽ നിന്നും തുക ഈടാക്കി അതിന്റെ വിശദാംശങ്ങളും ക്രമനം(3) സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കി, തുക ഈടാക്കി ആയതിന്റെ തെളിവു രേഖകളും ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-14 എസ്.എസ്.കെ വിഹിതം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ₹6,00,000/- തടസ്സം ചെയ്യുന്നു.

പ്രൊജക്ട് : S00127/2023 എസ്.എസ്.കെ വിഹിതം നൽകൽ
നിർവ്വഹണോദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

അടങ്കൽ : 6,00,000 (വികസന ഫണ്ട് പൊതു വിഭാഗം )

BRN : 22150552048200633023/11-10-2022 : 6,00,000/-

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 6,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022 /ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ, പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം . തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത് പ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം, 6,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും ലഭ്യമല്ല. (പ്രൊജക്ട് ഫയലിലുള്ള വിനിയോഗ സാക്ഷ്യപത്രം മാർഗ്ഗ രേഖ അനുശാസിക്കും പ്രകാരമുള്ളതല്ല).

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 22/2022-23 തീയതി.17.08.2023) നൽകിയ മറുപടിയിൽ വിശദ വിവരങ്ങൾ ഉൾകൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിക്കുന്നതാണന്ന് അറിയിച്ചു. ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 600000/-രൂപ തടസ്സം ചെയ്യുന്നു.

## 1-15 നിറമരുതൂർ ഗ.വ. യു.പി.സ്കൂളിലേക്ക് സൗണ്ട്സ് സിസ്റ്റവും അനുബന്ധ സാധനങ്ങളും വാങ്ങൽ -നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ : 145/23 നിറമരുതൂർ ഗ.വ. യു.പി.സ്കൂളിലേക്ക് സൗണ്ട്സ് സിസ്റ്റവും അനുബന്ധ സാധനങ്ങളും വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

അടങ്കൽ : 1,20,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബിൽ നമ്പർ : 22150552048201372388/16.03.23 ₹1,19,500/-

മേൽ പ്രോജക്ട് പ്രകാരം നിറമരുതൂർ ഗ.വ. യു.പി.സ്കൂളിലേക്ക് സൗണ്ട്സ് സിസ്റ്റവും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണം നടത്തിയതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1)ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്. എന്നാൽ GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെയാണ് Sky Mall I Three Technologies, Kottakkal എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയിലൂടെ 1,19,500/-രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ( ഇൻവോയ്സ് നമ്പർ D562/07.03.2023 ₹1,19,500/-)

2) പ്രൊജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല.

3) 18.08.2023 ന് നടത്തിയ സ്ഥല പരിശോധനയിൽ മേൽ ഇൻവോയ്സ് പ്രകാരം വാങ്ങിയ ഉപകരണങ്ങളിൽ (സ്പീക്കർ 46, ആംപ്ലിഫയർ 2, ചാനൽ മിക്സർ 1, മിനി കോഡ്ലസ് 1) 6 സ്പീക്കറുകൾ ക്ലാസ് റൂമുകളിൽ സ്ഥാപിക്കാതെ ഓഫീസ് റൂമിൽ സൂക്ഷിച്ചതായി കാണപ്പെട്ടു.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നമ്പർ 23/2022-23 തീതയതി.17.08.2023) സ്ഥല

പരിശോധന റിപ്പോർട്ടിനും നൽകിയ മറുപടിയിൽ അവശേഷിക്കുന്ന 6 സ്പീക്കറുകൾ പ്രവൃത്തി പൂർത്തിയാക്കി അടുത്ത് ഉദ്ഘാടനം ചെയ്യപ്പെട്ട പ്രീ പ്രൈമറി സെക്ഷനിലേക്കും ഓപ്പൺ ഓഡിറ്റോറിയത്തിലേക്കും ഘടിപ്പിക്കാനുള്ളതാണെന്നും ആയത് അടിയന്തിരമായി ഘടിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

സർക്കാർ നിർദ്ദേശ പ്രകാരം ജെം മുഖന സാധനങ്ങൾ വാങ്ങുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

മറുപടിയിൽ വ്യക്താമാക്കിയത് പ്രകാരം പൂർത്തിയാക്കാൻ അവശേഷിക്കുന്ന പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 സാക്ഷരത മിഷൻ - തുല്യത പരീക്ഷക്ക് ഫീസ് അടവാക്കൽ -രേഖകൾ ലഭ്യമല്ല - 36400/-രൂപ തടസ്സം ചെയ്യുന്നു.

പ്രൊജക്ട് : S00130/2023 സാക്ഷരത മിഷൻ - തുല്യത പരീക്ഷക്ക് ഫീസ് അടവാക്കൽ

നിർവ്വഹണോദ്യോഗസ്ഥൻ : ഹെഡ് മാസ്ററർ

അടങ്കൽ : 65,750 (41250തനത് ഫണ്ട് , 24500 ഗുണഭോക്തൃ വിഹിതം)

ചെലവ് : 36400/-

വൗച്ചർ നമ്പർ 22200948/30-03-2023 : 12,600/-(തനത് ഫണ്ട്)

22200951/30-03-2023 : 8,400/- (തനത് ഫണ്ട്)

22200949/30-03-2023 : 10,500/- (ഗുണഭോക്തൃ വിഹിതം -സ്ഥാപനത്തിൽ നേരിട്ട് അടവാക്കിയത്)

22200952/30-03-2023 : 4,900/- (ഗുണഭോക്തൃ വിഹിതം- -സ്ഥാപനത്തിൽ നേരിട്ട് അടവാക്കിയത്)

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം തുല്യതാ പരീക്ഷക്ക് ഫീസ് നൽകുന്നതിന് 36,400 രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ അഡ്മിഷൻ/രജിസ്ട്രേഷൻ ഫീസിനത്തിൽ പ്ലസ് വൺ വിഭാഗത്തിൽ 7 വിദ്യാർത്ഥികൾക്കായി 15400രൂപയും പത്താംതരം വിഭാഗത്തിൽ 12 വിദ്യാർത്ഥികൾക്കായി 21000/- യും അടവാക്കി.

പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ തുക കൈപ്പറ്റിയതിന്റെ രസീതി, ഓരോ വിദ്യാർത്ഥിയും തുല്യതാ പരീക്ഷയ്ക്ക് രജിസ്ററർ ചെയ്യതിന്റെ രേഖകൾ, പഠനം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല.

രേഖകൾ പരിശോധനയക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/2022-23 തീയതി.17.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 36,400/- രൂപ തടസ്സം ചെയ്യുന്നു.

## 1-17 അഗതി രഹിത കേരളം പദ്ധതി - തുക വിനിയോഗത്തിന്റെ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1.പ്രോജക്ട് : 82/23 അഗതി രഹിത കേരളം പദ്ധതി(സ്പിൽ ഓവർ)

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 2,20,000/-(വികസന ഫണ്ട് പൊതു വിഭാഗം 1,70,000 , തനത് ഫണ്ട് -50,000)

ബിൽ നമ്പർ 22150552029901351856/15.03.2023- ₹ 1,70,000/-(വികസന ഫണ്ട് പൊതു വിഭാഗം)

2. പ്രോജക്ട് : 149/23 അഗതി രഹിത കേരളം പദ്ധതി

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 3,25,000/-(വികസന ഫണ്ട് പൊതു വിഭാഗം 1,75,000 , ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് -1,50,000)

ബിൽ നമ്പർ 22150552029901351875/15.03.2023- ₹ 1,75,000/-(വികസന ഫണ്ട് പൊതു വിഭാഗം)

മേൽ പദ്ധതികൾ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ടിൽ നിന്നും 3,45,000/- രൂപ പിൻവലിച്ച് കുടുംബശ്രീയുടെ അഗതി രഹിത കേരളം-കുടുംബശ്രീയുടെ, കനറാ ബാങ്കിന്റെ തിരൂർ പൂക്കയിൽ ശാഖയിലുള്ള 6645101001426 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തുക ക്രെഡിറ്റായിട്ടുള്ളത് 05.04.2023നാണ്.)ആശ്രയ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 17.03.2023 ന് 11,75,199/- രൂപ ചാലഞ്ച് ഫണ്ടിനത്തിൽ ക്രെഡിറ്റായിട്ടുണ്ട്. അക്കൗണ്ടിൽ 31.03.23 തീയ്യതിയിൽ 1347627.85 രൂപ ബാങ്കിൽ നീക്കിയിരിപ്പുള്ളതായും മേൽ പദ്ധതികൾ പ്രകാരമുള്ള തുക ഉൾപ്പെടെ 31.05.2023 ന് 15,19,160/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല.

ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/2022-23 തീയതി. 17.08.2023)ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിൽ നിന്നും ലഭിച്ച 3,45,000/- രൂപ അടിസ്ഥാന സൗകര്യ ആവശ്യങ്ങൾ നടത്തുന്നതിന് വേണ്ടി അനുവദിച്ചതാകയാൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും ആവശ്യമുള്ള ആളുകളെ മുൻഗണനാക്രമത്തിൽ കണ്ടെത്തുന്നതിന് ഫീൽഡ് വിസിറ്റ് നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി സി.ഡി.എസ്. ബ്ലോക്ക് തല കോർഡിനേറ്റർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും 25.08.2023 നകം ടി ലിസ്റ്റ് തയ്യാറാക്കി പദ്ധതി പ്രവർത്തനം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചു. പദ്ധതി പൂർത്തിയാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-18 പരിരക്ഷ പദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. 24/23 പരിരക്ഷ പദ്ധതി

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ - 8,50,000 ( 650000 വികസന ഫണ്ട്.പൊതു വിഭാഗം, 200000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ആകെ ചെലവ്- 739310( 650000 വികസന ഫണ്ട്.പൊ.വി., 89310 ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ബിൽ നമ്പർ -221505520351008112998/23.11.2022 ₹ 3,00000/-

(ചെലവ് തുകയിൽ ബാക്കിയുള്ള തുക പരിരക്ഷ നഴ്സ്, ആംബുലൻസ് ഡ്രൈവർ എന്നിവരുടെ വേതനം നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്.)

07.03.2019 ലെ സ.ഉ.(സാധാ) നം.553/2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് നിർവ്വഹണം നടത്തിയപ്പോൾ മാർഗ്ഗരേഖയിലെ ചുവടെ കൊടുക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

1.)മേൽ ഉത്തരവ് ഖണ്ഡിക 2.2 പ്രകാരം ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2.) മേൽ ഉത്തരവ് ഖണ്ഡിക 2.8.ബി പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരോ സാമ്പത്തിക വർഷത്തിനു മുൻപും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോ മാസത്തേയും വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി.എം.സി. ആയത് അംഗീകരിക്കേണ്ടതുമാണ് എന്ന് നിർദേശിച്ചിരിക്കുന്നു. എന്നാൽ പി.എം.സി മിനുട്സ് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ 3 യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. (04.04.2022, 22.10.2022, 10.02.2022)

3.)ഈ പദ്ധതിയുടെ ഭാഗമായി പരിരക്ഷാ കിടപ്പുരോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് (പ്രഫോർമ ഇൻവോയ്സ് PRF2323/17.11.2022-₹ 3,00000/-) മേൽ ബില്ല് പ്രകാരം തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. പദ്ധതിയിൽ ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം./ തീയ്യതി | തുക |
|---|---|---|
| 1 | 22227/6.01.2023 | 17483 |
| 2 | 23305/16.01.2023 | 5544 |
| 3 | 23087/13.01.2023 | 258 |
| 4 | 25397/22.02.2023 | 621 |
| 5 | 27309/20.03.2023 | 37212 |
| 6 | 5977/25.05.2023 | 38186 |
| 7 | 7529/03.06.2023 | 4269 |
| 8 | 5982/25.05.2023 | 32912 |
| 9 | 8787/13.06.2023 | 76920 |
| 10 | 8784/13.06.2023 | 19613 |
| 11 | 12992/15.07.2023 | 10348 |

| | | |
|---|---|---|
| 12 | 12711/13.07.2023 | 7314 |
| | ആകെ | 250680 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 26/2022-23 തീയതി 17.08.2023) ലഭ്യമാക്കിയ മറുപടിയിൽ ഇനിയും ലഭിക്കാത്ത 49320/- രൂപയുടെ മരുന്നുകൾ (300000-250680) ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ആയത് ലഭ്യമാകുന്നമുറയ്ക്ക് വിശദാംശങ്ങൾ അറിയിക്കുന്നതാണെന്നും പരിരക്ഷാ രോഗികളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കുന്നതാണെന്നും അറിയിച്ചു.

മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതും മറ്റു അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 എഫ്.എച്ച്.സിയ്ക്ക് മരുന്ന വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭ്യമായില്ല

പ്രോജക്ട് - 19/23 എഫ്.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ , പി.എച്ച്.സി.

അടങ്കൽ- 8,00000/-(വികസന ഫണ്ട് പൊതു വിഭാഗം 300000 , മെയിന്റനൻസ് ഫണ്ട് റോഡിതരം-500000)

ആകെ ചെലവ്- 7,53,492/-

ബിൽ നമ്പർ 22150552035100601815/26.09.2022- ₹ 4,49,197/-

പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് മെഡിക്കൽ കോർപ്പറേഷനിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരമുള്ള തുക മുൻകൂർ നൽകിയിട്ടുണ്ട്. (ചെലവ് തുകയിൽ ബാക്കിയുള്ള തുകക്ക് അത്യാവശ്യ മരുന്നുകൾ കാരുണ്യ മെഡിക്കൽസ്, ജൻ ഔഷധി, നീതി മെഡിക്കൽസ് എന്നിവയിൽ നിന്നും ലഭ്യമായിട്ടുണ്ട്)

(പ്രോഫോർമ ഇൻവോയിസ് നം. PRF2647/29.11.2022 ₹4,49,197/-)

പദ്ധതിയിൽ നാളിതുവരെ ലഭ്യമായ മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം ./ തീയ്യതി | തുക |
|---|---|---|
| 1 | 20248/16.12.2022 | 1579 |
| 2 | 20251/16.12.2022 | 7390 |
| 3 | 20924/21.12.2022 | 13664 |
| 4 | 22263/06.01.2023 | 32592 |
| 5 | 22133/06.01.2023 | 45158 |
| 6 | 22325/07.01.2023 | 15456 |
| 7 | 23325/17.01.2023 | 22176 |
| 8 | 24191/30.01.2023 | 12544 |
| 9 | 25345/22.02.2023 | 1411 |
| 10 | 1914/05.05.2023 | 2688 |
| 11 | 5924/25.05.2023 | 117080 |
| 12 | 8381/09.06.2023 | 20793 |
| 13 | 13090/17.07.2023 | 5652 |
| | ആകെ | 298183 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 27/2022-23 തീയതി.17.08.2023) ലഭ്യമാക്കിയ മറുപടിയിൽ അവശേഷിക്കുന്ന 1,51,014/- (4,49,197- 2,98,183 )രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിനായവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-20 രോഗ പ്രതിരോധ പ്രവർത്തനങ്ങൾ -ചെലവ് രേഖകൾ ഹാജരാക്കിയില്ല - ₹ 22,840/- രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ട് - 117/23 രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ , പി.എച്ച്.സി.

അടങ്കൽ- 50,000/-(തനത് ഫണ്ട്)

ആകെ ചെലവ്- 44,630/-

1)വൗച്ചർ നമ്പർ 22200663/19.12.2022- ₹ 21,790/-

2)വൗച്ചർ നമ്പർ 22200950/30.03.2023- ₹ 22,840/-

പ്രോജക്ട് പ്രകാരം പി.എച്ച്.സി. തേവർ കടപ്പുറത്തിന്റെ എച്ച്.എം.സി. അക്കൗണ്ടിൽ നിന്നും രോഗ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുത്തിവെപ്പ്, വാക്സിൻ മുതലായ പ്രവർത്തനങ്ങൾക്ക് മരുന്നുകൾ കൊണ്ടുപോകുന്നതിനും ജീവനക്കാരെ കൊണ്ടു പോകുന്നതിനും വാഹന വാടക നൽകിയതിനും സ്ഥാപനത്തിലെ വാഹനത്തിന് (KEV 8979)ഇന്ധനം നിറച്ചതിനും ചെലവായ തുക തിരിച്ച് പിടിക്കുന്നതിനാണ് മേൽ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ വൗച്ചർ ക്രമ നമ്പർ 1 പ്രകാരം ചെലവഴിച്ച തുകയുടെ ചെലവ് വിവരങ്ങൾ (ബിൽ, വൗച്ചറുകൾ -വാഹനം വാടകയിനത്തിൽ 12530 രൂപയും ,സ്ഥാപനത്തിന്റെ വാഹനത്തിൽ ഇന്ധനം നിറച്ചതിന് 9260 രൂപയും ചെലവഴിച്ചു.) ഫയലിൽ ലഭ്യമാണ്. എന്നാൽ വൗച്ചർ ക്രമ നമ്പർ 2 പ്രകാരം ചെലവഴിച്ച തുകയുടെ ബില്ലുകൾ , വൗച്ചറുകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 34/2022-23 തീയതി 18.08.2023) ലഭ്യമാക്കിയ മറുപടിയിൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വൗച്ചർ നമ്പർ 22200950/30.03.2023- ₹ 22,840/- പ്രകാരമുള്ള ചെലവ് രേഖകൾ പരിശോധനയക്ക് ഹാജരാക്കുന്നത് വരെ 22,840/- രൂപ തടസ്സം ചെയ്യുന്നു.

## 1-21 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ -മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് - 20/23 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)

അടങ്കൽ- 3,00,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബിൽ നമ്പർ 221505520351O1119359/01.02.2023- ₹3,00,000/-

പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപറേറ്റീവ് ഫാർമസി ലിമിറ്റഡിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി പ്രോഫോർമ ഇൻവോയിസ് നം. PF785/10.11.2022 ₹3,00,000/- ന് മേൽ ബിൽ പ്രകാരം തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. 'ഹോംകോ' യുമായി കരാറിലേർപ്പട്ടതിന്റെ വിശദാംശങ്ങൾ , രസീതി എന്നിവ ഫയലിൽ ലഭ്യമല്ല.

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/2022-23 തീയതി 17.08.2023) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-22 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി തനത് ഫണ്ടിൽ നിന്നും താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.
നിർവഹണോദ്യോഗസ്ഥൻ :- സെക്രട്ടറി, നിറമരുതൂർ ഗ്രാമ പഞ്ചായത്ത്

| വൗച്ചർ നമ്പർ, തീയ്യതി | തുക |
|---|---|
| 22200648/12.01.2023 | 24764/- |
| 22200826/02.03.2023 | 19026/- |
| ആകെ | 43790/- |

KSEB ക്ക് കൈമാറിയ ഈ തുകയുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 17/16.08.23) പൂർത്തീകരണ വിവരം ഹാജരാക്കുന്നതുവരെ ചെലവ് തുക 43790/- രൂപ തടസ്സം ചെയ്യുന്നു.

## 1-23 പുതിയ തുറന്ന കിണർ- VEO നടപ്പാക്കിയ പദ്ധതി- സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നുറപ്പ് വരുത്തേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ഉൾപ്പെടെ പുതിയ തുറന്ന കിണർ എന്ന രണ്ട് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്ട് നമ്പർ | അടങ്കൽ തുക, ഫണ്ടിനം | ചെലവ് |
|---|---|---|---|
| 1 | SO41/23- | 750000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് | 750000/- |
| 2 | 200/23 | 510000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് | 465000/- |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ സ.ഉ. (കൈ) 115/2022 ത.സ്വ.ഭ.വ തീയ്യതി 28.05.2022 ഖണ്ഡിക 6.6 – കുടിവെള്ളം- ക്രമനമ്പർ -1 പ്രകാരം തുറന്ന കിണറിന് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

(1) പൊതു കുടിവെള്ള സംവിധാനത്തിൽ നിന്നും ഹൗസ് കണക്ഷൻ ലഭിക്കാൻ സാധ്യതയില്ലെങ്കിൽ മാത്രമേ ഈയാനുകൂല്യത്തിന്നർഹതയുള്ളു.

(2) മഴ വെള്ളം റീ-ചാർജ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കണം

(3) മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുറപ്പ് വരുത്തണം.

എന്നാൽ മേൽ പറഞ്ഞ നിബന്ധനകൾ ഉറപ്പ് വരുത്തിയ രേഖകൾ ഒന്നും തന്നെ നിർവഹണോദ്യോഗസ്ഥൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 20/17.08.23) നൽകിയ മറുപടിയിൽ , പൊതു കുടിവെള്ള സംവിധാനം നിലവിലില്ലാത്ത പ്രദേശങ്ങളിലെ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്നും, മഴ വെള്ളം റീ-ചാർജ് ചെയ്യുന്നതിനുള്ള സംവിധാനം തൊഴിലുറപ്പ് പദ്ധതിയിലാണ് ചെയ്യുന്നതെന്നും നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ മാത്രമേ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ സബ്സിഡി മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നു എന്നുറപ്പ് വരുത്തുകയും അന്വേഷണ റിപ്പോർട്ടുകളും ഫോട്ടോസ് ഉൾപ്പെടെ തെളിവ് രേഖകളും ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-24 ഹരിത കർമ സേനയുടെ വാഹനം -ലോഗ് ബുക്ക് പരിപാലിക്കുന്നില്ല

നിറമരുതൂർ ഗ്രാമ പഞ്ചായത്ത് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിത കർമസേനയുടെ ഉപയോഗത്തിനു വേണ്ടി പരിപാലിച്ച് വരുന്ന KL -55 -AG 4528 രജിസ്റ്റർ നമ്പരിലുള്ള Appe – Goods വാഹനത്തിന്റെ LOG BOOK പരിശോധനക്ക് ഹാജരാക്കാൻ 17.08.2023 ലെ 16- നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഇതുവരെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തുടർന്നുള്ള അന്വേഷണത്തിൽ ഈ വാഹനത്തിന് ലോഗ് ബുക്ക് പരിപാലിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടു. ആയതിനാൽ നിശ്ചിത ഫോർമാറ്റിൽ ലോഗ് ബുക്ക് എഴുതി പരിപാലിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ ആയത് പരിശോധിക്കേണ്ടതുമാണ്.

## 1-25 ലൈഫ് ഭവന പദ്ധതി- തെരഞ്ഞെടുക്കപ്പെട്ട ചില ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതിക്കു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല. നിർമാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജ.നം SO44/23, SO45/23, 106/23, 107/23

ആകെ ധനസഹായത്തുക - 400000/-
നിർവ്വഹണോദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| ക്രമനം | ഗുണഭോക്താവിന്റെ പേര് , വിലാസം, വാർഡ് നമ്പർ | വാർഡ് നമ്പർ | കൈപ്പറ്റിയ തുക | ബാക്കി തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഉണ്ണികൃഷ്ണൻ, നിഷ<br>കുട്ടാട്ട് പറമ്പിൽ , നിറമരുതൂർ | 6 | 200000/- | 200000 | 09.04.2019 തീയ്യതിയിൽ III-ഗഡുവായ 60000 രൂപ കൈപ്പറ്റിയതിനു ശേഷം ബാക്കി തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യുതായി കാണുന്നില്ല |
| 2 | നദീറ W/Oസലാം , കുഞ്ഞിൻ കടവത്ത്, പുതിയ കടപ്പുറം | 1 | 220000/- | 1,80000/- | 25.01.2022 തീയ്യതിയിൽ III- ഗഡുവായ 80000 രൂപ കൈപ്പറ്റിയതിനു ശേഷം ബാക്കി തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യുതായി കാണുന്നില്ല. |
| 3 | മിനി W/O സതീശൻ,<br>ആക്കിത്തടത്തിൽ H<br>നിറമരുതൂർ | 15 | 200000/- | 200000/- | 11.11.2022 തീയ്യതിയിൽ III- ഗഡുവായ 160000 രൂപ കൈപ്പറ്റിയതിനു ശേഷം ബാക്കി തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യുതായി കാണുന്നില്ല. |
| 4 | സഫിയ , ചേങ്ങാട്ടിൽ വീട്, മങ്ങാട്, നിറമരുതൂർ | 3 | 350000/- | 50000/- | 21.12.2021തീയ്യതിയിൽ 350000 രൂപ കൈപ്പറ്റിയതിനു ശേഷം ബാക്കി തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യുതായി കാണുന്നില്ല. |
| 5 | റസീന W/o മുഹമ്മദ് സഫൽ, അമ്പാട്ട് വീട്, കുമാരൻപടി, നിറമരുതൂർ | 3 | 300000/- | 100000/- | 08.10.21തീയ്യതിയിൽ III-ഗഡുവായ 100000 രൂപ കൈപ്പറ്റിയതിനു ശേഷം ബാക്കി തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യുതായി കാണുന്നില്ല. |
| 6 | സുബൈദ W/o സൈതലവി, കുളങ്ങരകത്ത് പട്ടാമ്പാട് | 2 | 300000/- | 100000/- | 08.06.2022തീയ്യതിയിൽ III- ഗഡുവായ 100000 രൂപ കൈപ്പറ്റിയതിനു ശേഷം ബാക്കി തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യുതായി കാണുന്നില്ല. |
| 7 | കദീജ, കുപ്പന്റെ പുരയ്ക്കൽവീട്, | 2 | 180000/- | 220000/- | 23.02.2022തീയ്യതിയിൽ |

| | | | | | |
|---|---|---|---|---|---|
| | മഞ്ഞളാംപടി, നിറമരുതൂർ | | | | III- ഗഡുവായ 80000 രൂപ കൈപ്പറ്റിയതിനു ശേഷം ബാക്കി തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യതായി കാണുന്നില്ല. |
| 8 | നസീമ W/O കുഞ്ഞൻബാവ, പൂളക്കൽ, നിറമരുതൂർ | 4 | 160000/- | 240000/- | 30.06.2022തീയ്യതിയിൽ II- ഗഡുവായ 60000 രൂപ കൈപ്പറ്റിയതിനു ശേഷം ബാക്കി തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യതായി കാണുന്നില്ല. |
| 9 | ജമീല W/O അലി പൊട്ടിന്റകത്ത്,നിരമരുതൂർ | 3 | 140000/- | 260000/- | 17.12.2022തീയ്യതിയിൽ II- ഗഡുവായ 100000 രൂപ കൈപ്പറ്റിയതിനു ശേഷം ബാക്കി തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യതായി കാണുന്നില്ല. |
| 10 | ബുഷ്റ W/O സൈനു, ചാരാത്ത് H, നിറമരുതൂർ | 5 | 140000/- | 260000/- | 25.10.2022തീയ്യതിയിൽ II- ഗഡുവായ 100000 രൂപ കൈപ്പറ്റിയതിനു ശേഷം ബാക്കി തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യതായി കാണുന്നില്ല. |
| 11 | ജമീല W/O മുഹമ്മദ്, ചെങ്ങല്ലൂരിൽ,നിമരുതൂർ | 3 | 260000/- | 1,40000/- | 22.12.2022തീയ്യതിയിൽ II- ഗഡുവായ 100000 രൂപ കൈപ്പറ്റിയതിനു ശേഷം ബാക്കി തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യതായി കാണുന്നില്ല. |
| 12 | സുബൈദ, W/O മുസ്തഫ, പൂച്ചേങ്ങൽ , നിരമരുതൂർ | 3 | 40000/- | 360000/- | 25.10.2022തീയ്യതിയിൽ I- ഗഡുവായ 40000 രൂപ കൈപ്പറ്റിയതിനു ശേഷം ബാക്കി തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യതായി കാണുന്നില്ല. |
| 13 | സുകുമാരൻ/ യശോദ, ആങ്കിത്തടത്തിൽ നിറമരുതൂർ | 5 | 200000/- | 200000/- | 07.12.2022തീയ്യതിയിൽ II- ഗഡുവായ 160000 രൂപ കൈപ്പറ്റിയതിനു ശേഷം ബാക്കി തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യതായി കാണുന്നില്ല. |

| | | | | | |
|---|---|---|---|---|---|
| 14 | ബാബു/കൗസല്യ, വെള്ളയിൽ നിറമരുതൂർ | 10 | 240000/- | 160000/- | 04.06.2022തീയ്യതിയിൽ II- ഗഡുവായ 60000 രൂപ കൈപ്പറ്റിയതിനു ശേഷം ബാക്കി തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യതായി കാണുന്നില്ല. |
| 15 | അഷിത W/O പരമേശ്വരൻ, | 13 | 200000/- | 200000/- | 28.01.2022 ന ശേഷം ബാക്കി തുക കൈപ്പറ്റുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യിട്ടില്ല. |
| 16 | നിഷ W/O അറുമുഖൻ, ഒട്ടു പുറത്ത്, നിറമരുതൂർ | 2 | 300000/- | 100000/- | 06.07.2022 ന ശേഷം തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യിട്ടില്ല. |
| 17 | സുമിത്ര W/O സന്തോഷ്, ഭൂതമ്പാട്, ചക്കരമൂല നിറമരുതൂർ | 3 | 40000/- | 360000/- | 06.07.2022 ന ശേഷം തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യിട്ടില്ല. |
| 18 | റംസീന W/O മനാഫ്, പടിഞ്ഞാറയിൽ, തേവർ കടപ്പുറം | 3 | 322410 | 77590/- | 20.05.2022 ന ശേഷം തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യിട്ടില്ല. |
| 19 | സീനത്ത് W/O യൂസഫ്, കൊണ്ടരന്റെ പുരയ്ക്കൽ , നിറമരുതൂർ | 16 | 300000/- | 100000/- | 08.11.2021 ന ശേഷം തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യിട്ടില്ല. |
| 20 | റസിയW/o ഹനീഫ, പോക്കുവിന്റെ പുരയ്ക്കൽ, ഉണ്യാൽ | 16 | 200000/- | 200000/- | 28.01.2022 ന ശേഷം തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യിട്ടില്ല. |
| 21 | ആസിഫ, സി.പി. W/O ഷംസുദ്ദീൻ,ചക്കായിൽപുരയ്ക്കൽ, | 6 | 300000/- | 100000/- | 06.10.2022 ന ശേഷം തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യിട്ടില്ല. |
| 22 | സമീറ W/O ഉസ്മാൻ, കാക്കാൻ്റെ പുരയ്ക്കൽ, ഉണ്യാൽ | 3 | 300000/- | 100000/- | 06.07.2022 ന ശേഷം തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്യിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 23 | ഹൗലത്ത്, W/o ഹംസക്കോയ, ബിരിച്ചിന്റെ പുരയ്ക്കൽ, ഉണ്യാൽ | - | 40000/- | 360000/- | 25.10.2022 ന ശേഷം ബാക്കി ഗഡുക്കൾ കൈപ്പറ്റുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. |
| 24 | പത്മിനി W/O സുബ്രഹ്മണ്യൻ, കുട്ടാടംപാടം, വീട്, പഞ്ചാരമൂല, | W-15 | 40000/- | 360000/- | 11.11.2022 ന ശേഷം തുക വാങ്ങുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. |

മേൽ പറഞ്ഞ ഗുണഭോക്താക്കൾ പണിപൂർത്തീകരിക്കാത്ത സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 18/17.08.23) താഴെ പറയും വിധം മറുപടി നൽകി .

1. മേൽ പറഞ്ഞ പട്ടികയിലെ ക്രമനം -1 ഗുണഭോക്താവിൽ നിന്നും കൈപ്പറ്റിയ തുക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണ്. ക്രമനം.23 കൈപ്പറ്റിയ തുക തിരിച്ചടക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്.
2. ക്രമനം. 2, മുതൽ 24, വരെയുള്ള ഗുണഭോക്താക്കളുടെ നിർമാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണെന്നും ബാക്കി തുക നൽകി നിർമാണം പൂർത്തിയാക്കുന്നതാണ്.

മറുപടിയിൽ പറയും വിധം നടപടികൾ സ്വീകരിച്ച് വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ കണക്കുകൾ ലഭ്യമല്ല. സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2022-23- വാർഷികക്കണക്ക പ്രകാരം ഗ്രാമ പഞ്ചായത്ത് പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 652,485.00 രൂപ തനത് ഫണ്ടിൽ നിന്നും , കുടിശ്ശികയിനത്തിൽ പ്രൊജക്ട് നമ്പർ 131/23 പ്രകാരം റോഡിതര സംരക്ഷണ ഫണ്ടിൽ നിന്നും 520920 രൂപ കൂടി ആകെ 1173405രൂപ കേരള ജല അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം, അവ സ്ഥിതി ചെയ്യുന്ന വാർഡ് , വിനിയോഗിക്കുന്ന ജലം എന്നിവ സംബന്ധിച്ച യാതൊരു കണക്കുകളും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, KWA യുമായി സംയുക്തമായി നടത്തിയ പരിശോധനാ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 16/17.08.23) മറുപടി നൽകുകയോ, ടി രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല.

തനത് വരുമാനം തീരെ കുറവായ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വെള്ളക്കരമിനത്തിൽ ഭീമമായ തുക ഒടുക്കിക്കൊണ്ടിരിക്കുന്നത് KWA നൽകുന്ന യാതൊരടിസ്ഥാനവുമില്ലാത്ത ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിലാണ്. ഇത് പഞ്ചായത്തിന്റെ നിയമപരവും ഭരണപരവുമായ അത്യാവശ്യച്ചെലവുകളെയും അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെയും സാരമായി ബാധിക്കുന്നു എന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് KWA യുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ പൊതുടാപ്പുകളിൽ നിന്നും വിനിയോഗിക്കുന്ന ജലത്തിനു മാത്രമേ തുക ഒടുക്കുന്നുള്ളൂ എന്നുറപ്പു വരുത്തേണ്ടതാണ്.

## 1-27 പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ കണക്കുകൾ ലഭ്യമല്ല. സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2022-23 വാർഷികക്കണക്ക പ്രകാരം ഗ്രാമ പഞ്ചായത്ത് തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ തനത് ഫണ്ടിൽ നിന്നും 1,750,584.00 രൂപ വൈദ്യുതി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ എണ്ണം, ഇനം, അവ സ്ഥിതി ചെയ്യുന്ന വാർഡ് എന്നിവ സംബന്ധിച്ച യാതൊരു കണക്കുകളും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, KSEB യുമായി സംയുക്തമായി നടത്തിയ പരിശോധനാ റിപ്പോർട്ട്, തെരുവ് വിളക്ക് റിപ്പയർ രജിസ്റ്റർ എന്നിവ ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 16/17.08.23) മറുപടി നൽകുകയോ, ടി രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല.

ആയതിനാൽ അടിയന്തിര നടപടികൾ സ്വീകരിച്ച് KSEB യുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ വിളക്കുകളുടെ എണ്ണം, ഇനം, ഉപയോഗിക്കുന്ന വൈദ്യുതി എന്നിവ സംബന്ധിച്ച് ആധികാരികമായ

കണക്ക് തയ്യാറാക്കി ടി വിളക്കുകൾക്ക് മാത്രമേ തുക ഒടുക്കുന്നുള്ളൂ എന്നുറപ്പ് വരുത്തേണ്ടതാണ്. കൂടാതെ, റിപ്പയർ രജിസ്റ്റർ, ഉപയോഗ ശൂന്യമായതും മാറ്റപ്പെട്ടതുമായ സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി കാലികമാക്കി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-28 ലൈഫ് ഭവന നിർമാണ പദ്ധതി - അവലോകനം

എല്ലാ അർഹരായ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമപദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശത്തോടെയാണ് ലൈഫ് മിഷന് രൂപം നൽകിയിട്ടുള്ളത്.

ലൈഫ് രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവും മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവുമാണ് ലൈഫ് മിഷന്റെ ലക്ഷ്യങ്ങൾ. മേൽ പറഞ്ഞ രണ്ട് ഘട്ടങ്ങളിലായി ഗ്രാമ പഞ്ചായത്തിന് 478 ഗുണഭോക്താക്കളാണ് അംഗീകരിക്കപ്പെട്ടിരിക്കുന്നത്. ഈ പട്ടികയിൽ ജനറൽ, പട്ടികജാതി, മത്സ്യത്തൊഴിലാളികൾ എന്നീ കാറ്റഗറിയിൽ പെട്ട ഗുണഭോക്താക്കൾ ഉൾപ്പെടുന്നു.

ജില്ലാ മിഷൻ അംഗീകരിച്ചു നൽകുന്ന ഒരു ഒറ്റ ലിസ്റ്റിൽ നിന്നും ക്രമാനുഗതമായി ധനസഹായം നൽകുകയാണ് തദ്ദേശ സ്ഥാപനങ്ങൾ ചെയ്യേണ്ടത്. നിർമാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഘട്ടം ഘട്ടമായാണ് ധനസഹായം അനുവദിക്കുന്നത് .

ഗ്രാമ പഞ്ചായത്തിന്റെ ലൈഫ് ഭവന നിർമാണപദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത അപേക്ഷകൾ, ഗുണഭോക്തൃ ലിസ്റ്റ് ,അക്വിറ്റൻസ് എന്നിവയുടെ പരിശോധനയിൽ കണ്ട പ്രധാനമായ അപാകതകൾ താഴെ പറയുന്നു.

1. കുടുംബശ്രീ ജില്ലാ മിഷൻ അന്തിമമായി പ്രസിദ്ധീകരിക്കുന്ന ക്രോഡീകരിക്കപ്പെട്ട പട്ടികയിൽ നിന്നും ധനസഹായം നൽകണമെന്നിരിക്കെ ഗുണഭോക്തൃലിസ്റ്റ് പല ഭാഗങ്ങളായി വിഭജിച്ച് ധനസഹായം നൽകുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. പല ഭാഗങ്ങളായി വിഭജിക്കപ്പെട്ട ഗുണഭോക്തൃ ലിസ്റ്റും അക്വിറ്റൻസ് രജിസ്റ്ററിലെ ക്രമരഹിതമായ രേഖപ്പെടുത്തലുകളും, ധനസഹായം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ ആധികാരികത ഉറപ്പ് വരുത്തുന്നതിന് പ്രയാസങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

2. ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ ചിലരുടെ നിർമാണപ്രവർത്തികൾ മന്ദഗതിയിലാണ് പുരോഗമിക്കുന്നതെന്ന് രേഖകളുടെ പരിശോധനയിൽ നിന്നും മനസ്സിലാകുന്നു. പല ഗുണഭോക്താക്കളും ആദ്യത്തെ 1,2 ഗഡുക്കൾ കൈപ്പറ്റിയ ശേഷം നിർമാണപ്രവർത്തനങ്ങൾ തുടരുന്നില്ലെന്ന് അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മനസ്സിലാകുന്നു.

മേൽ പറഞ്ഞ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ഗുണഭോക്തൃ ലിസ്റ്റ് ക്രോഡികരിച്ച് സൂക്ഷിക്കേണ്ടതും ലക്ഷ്യം പൂർത്തീകരിക്കാൻ ക്രിയാത്മകമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്. കൂടാതെ അക്വിറ്റൻസ് രജിസ്റ്ററിൽ ഓരോ ഗുണഭോക്താവിന്റെയും നിർമാണത്തിന്റെ വിവിധ ഘട്ടങ്ങൾ വ്യക്തമായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 1-29 ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്ന് കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം, എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ മുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊലൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന ക്യാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യക്തി മുദ്ര പതിപ്പിക്കുന്ന ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

നിലവിൽ 21 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. 17 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ എല്ലാ

വാർഡിലേക്കും ആവശ്യമായ അംഗങ്ങൾ ഇല്ല. നിലവിലെ അംഗങ്ങൾ തന്നെ മുഴുവൻ വാർഡിലേയും മാലിന്യ ശേഖരണം നടത്തുന്ന രീതിയാണ് നിലവിലുള്ളത്. നിലവിൽ ഒരു പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. ഇത് കൂടാതെ മാലിന്യങ്ങൾ തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുമ്പോൾ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം. 2022-23 വർഷങ്ങളിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി മൂലധന ചെലവൊഴികെ താഴെ കാണിച്ച തുകകൾ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | ഫണ്ടിനം | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 43/23 സ്മാർട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | ധനകാര്യക്കമ്മീഷൻ അവാർഡ് | 204900 | 204900- | VEO |
| 2 | 143/23- ഹരിത കർമസേന- തുടർ പ്രവർത്തനങ്ങൾ | വികസന ഫണ്ട്(ജനറൽ)<br>തനത് ഫണ്ട് | 750000<br>100000/- | 539003<br>90160 | VEO |
| 3 | 228/23- MCF ലെ ബെയിലിംഗ് മെഷീൻ മെയിന്റനൻസ് | കേന്ദ്രാവിഷ്കൃതം<br>തനത് ഫണ്ട് | 40000<br>10000 | 44800/- | SEC |
| 4 | 229/23- ഹരിത കർമസേനാ പ്രവർത്തനം മെച്ചപ്പെടുത്തൽ- IRTC ക്ക് തുക നൽകൽ | തനത് ഫണ്ട് | 71000/- | 70977 | SEC |

ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് ലഭ്യമായ രേഖകൾ , രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ കൂടി ചെയ്യേണ്ടതുണ്ട്.

1. 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിൽ നിർമിക്കണം (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന മാലിന്യ ശേഖരണത്തിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് സ്വന്തമായ ഒരു എം സി എഫും വാർഡ് 1,2,3,4,5,6,7,8,9,10,12,13,14,15 എന്നിവയിൽ 32 മിനി എം സി എഫുകളുമാണ് ഉള്ളത്. എം സി എഫ് ഇൽ വളരെ പരിമിതമായ സ്ഥല സൗകര്യമാണുള്ളത്. വൈദ്യുതി, വെള്ളം, ശുചിത്വ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എം.സി.എഫിലേക്ക് ഒരു വെയിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്.

2. വിവിധ വാർഡുകളിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ എം സി എഫിൽ എത്തിക്കുന്നതിന് സ്വന്തമായി വാഹനസൗകര്യം ഉണ്ട്.

3. ഹരിത കർമ്മസേനയുടെ രജിസ്റ്ററുകളും മറ്റു രേഖകളും സൂക്ഷിക്കുന്നതിന് ആവശ്യമായ ഫർണിച്ചർ സൗകര്യങ്ങൾ നിലവിലില്ല.

4.ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ 159422010000274 നമ്പരിൽ യൂണിയൻ ബാങ്ക് നിറമരുതൂർ ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 1.4.2023 മുതൽ മാത്രമാണ് ക്യാഷ് ബുക്കിൽ വരവ്- ചെലവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്.

5. അജൈവ മാലിന്യങ്ങൾ Konaris, Sambath Enterprises എന്നീ സ്ഥാപനങ്ങൾക്കാണ് കൈമാറുന്നത്. മാലിന്യ ശേഖരണത്തിനുള്ള ചെലവുകൾ കണ്ടെത്തുന്നതിനുള്ള പ്രധാന വരുമാനം ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന

യൂസർഫീയാണ്. വീടുകൾക്ക് 50 രൂപയും വ്യാപാര സ്ഥാപനങ്ങൾക്ക് 100 രൂപയുമാണ് യൂസർഫീയായി നിശ്ചയിച്ചിട്ടുള്ളത്. ഇതിനായി പ്രത്യേകം രസീത് ബുക്കുകളും അച്ചടിച്ചിട്ടുണ്ട്. കളക്ഷൻ ബുക്ക് ഹരിത കർമ്മസേനയും കളക്ഷൻ കാർഡ് വീടുകളിലും സൂക്ഷിക്കുന്നു. കളക്ഷൻ കാർഡ് തയ്യാറാക്കി ഉപഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. എംസി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മാലിന്യം ലോഡ് കൊണ്ട് പോകുന്നതിന്റെ വിവരണപ്പട്ടിക, 28.04.23 മുതൽ പരിപാലിച്ചു വരുന്നു. കൂടാതെ ശമ്പള രജിസ്റ്റർ, റിവ്യൂമീറ്റിംഗ് രജിസ്റ്റർ, ഹാജർ പുസ്തകം, ദിവസ വരവു രജിസ്റ്റർ എന്നിവയും ഹരിത കർമസേന പരിപാലിച്ചു വരുന്നു.

7. നിലവിൽ 21പേർ മാത്രമാണ് ഹരിതകർമസേനയിൽ അംഗങ്ങളായിട്ടുള്ളത്. പഞ്ചായത്തിൽ 4 കൺസോർഷ്യങ്ങൾ രൂപീകരിച്ചിരുന്നു. എന്നാൽ ഒരു കൺസോർഷ്യം മാത്രമാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ 2.4 പ്രകാരം ഓരോ മാസത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ നടത്തേണ്ടതാണ്. എന്നാൽ എല്ലാ മാസവും യോഗം ചേർന്നിട്ടില്ല.

8. കൺസോർഷ്യത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക ഓഡിറ്റും കാസ് മുഖേന നടത്തേണ്ടതാണെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18 -ലെ 10394-D-2017/KSHOനമ്പർ ഉത്തരവിൽ വ്യക്തമാക്കിയതാണെങ്കിലും ഇപ്രകാരം ഓഡിറ്റ് നടത്തിയിട്ടില്ല.

മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും മാലിന്യത്തിൽ നിന്നും വരുമാനം ഉണ്ടാക്കുന്നതിനുതകുന്ന തലത്തിലേക്ക് അവരുടെ പ്രവർത്തനമേഖല വ്യാപിപ്പിക്കുന്നതിനും ആവശ്യമായ ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള നടപടികൾ എത്രയും പെട്ടന്ന് പൂർത്തീകരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി - അടവാക്കിയത് 22,263 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ ഭാഗമായി തിരിച്ചടവാക്കി.

| ക്രമ നമ്പർ | പ്രവൃത്തി | അപാകത | ഓഡിറ്റ് അന്വേഷണം നമ്പർ | തിരിച്ചടവാക്കിയ തുക | രസീത് നമ്പർ |
|---|---|---|---|---|---|
| 1 | ആലിൻ ചുവട് ഡ്രൈനേജ് പ്രവൃത്തി | ബെഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി. | 2/ 14.8.23 | 6797 | 1230101085/18.8.23 |
| 2 | അയ്യപ്പൻകാവ് റോഡ് ഡ്രൈനേജ് പ്രവൃത്തി | ബെഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി. | 3/ 14.8.23 | 3629 | 1230101088/19.8.23 |
| 3 | പഞ്ചാരമൂല അംഗൻവാടി (നമ്പർ 107) അറ്റകുറ്റപണി | മോട്ടോർ പമ്പ് സെറ്റിന് അധിക തുക നൽകി | 10/ 14.8.23 | 8164 | 1230101090/19.8.23 |
| 4 | കരിമരം കുളം നവീകരണം | ഫൈൻ ഈടാക്കാത്തത് | 5/ 14.8.23 | 2000 | 1230101097/19.8.23 |
| 5 | സീതി ഹാജി റോഡ് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി | ബെഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി. | 8/ 14.8.23 | 1673 | 1230101096/19.8.23 |
| Total | | | | 22263 | |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 പാപ്പിനിത്താറ തോട് പ്രൊട്ടക്ഷൻ - തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ കരാറുകാരന് അധിക തുക നൽകി.- നഷ്ടം 22306 രൂപ

മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റോഡ് പ്രവൃത്തികൾക്കും അതിനോടനുബന്ധിച്ച മറ്റ് പ്രവൃത്തികൾക്കും MORD/MORTH SOR പ്രകാരവും മറ്റ് പ്രവൃത്തികൾക്ക് DSR പ്രകാരവുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പാപ്പിനിത്താറ തോട് പ്രൊട്ടക്ഷൻ എന്ന പ്രവൃത്തിക്ക് DSR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ റോഡ് പ്രവൃത്തികൾക്ക് ബാധകമായ MORD SOR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

DSR പ്രകാരം തയ്യാറാക്കേണ്ട എസ്റ്റിമേറ്റ് തെറ്റായി MORD SOR പ്രകാരം തയ്യാറാക്കിയതുമൂലം പ്രവൃത്തിക്ക് അധികം പണം നൽകാൻ ഇടയായിട്ടുണ്ട്.

അധികം നൽകിയ തുകയുടെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | ചെയ്ത പ്രവൃത്തി | അളവ് | നൽകിയത് | നൽകാവുന്നത് | അധികം നല്കിയത് |
|---|---|---|---|---|---|
| പാപ്പിനിത്താറ തോട് പ്രൊട്ടക്ഷൻ ( 59/23)<br>വൌച്ചർ- XYFC/22-23 /P/15/14.9.22<br>തുക 574289<br>മൂല്യനിർണ്ണയം - 574289<br>അളവ് പുസ്തകം 181/21-22<br>കരാറുകാരൻ ശ്രീ. P.അബ്ദുൾ അസീസ്<br>കരാർ. 19/10.11.21 (E.Tender)<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 6,50,000<br>Esti – 2021/48408<br>TS – 20490/21-22 /9.8.21 | MoRD Code 3.5.1 | 52.92 M3 | 4762.80<br>(52.92 M3x90/m3)<br>(228.52/m3-60.616% Tender Below) | 4544.76<br>(52.92 M3x85.88/m3)<br>(218.08/m3-60.616% Tender Below)<br>(DSR Code-2.8.1) | 218.04 |
| | Dry Rubble Masonry<br>MoRD-OD-1281818/21-22 | 200.24 M3 | 476571.20<br>(200.24 M3x2380/m3)<br>(2620.47/m3-9.176% Tender Below) | 457470.30<br>( 200.24 M3x2284.61/m3)<br>(2515.43/m3-9.176% Tender Below)<br>(DSR Code-60.7.1) | 19100.90 |
| | CC<br>MoRD Code 11.4.4 | 5.513 M3 | 31424<br>(5.513 M3x5700/m3)<br>(7842.08/m3-27.315% Tender Below) | 28789.71<br>(5.513 M3x5222.15/m3)<br>(7184.64/m3-27.315% Tender Below)<br>(DSR Code-4.1.3) | 2634.29 |
| | | | | 2036.86<br>Centering&Shuttering)<br>11.025 M2 X 184.75/m2=<br>(254.19-27.315% Tender Below)<br>(DSR Code-5.9.1) | (-) 2036.86 |

| | | | | | |
|---|---|---|---|---|---|
| | | | | | 19916.37 |
| | | | | (+) 12% GST | 22306 |

പ്രവൃത്തിയിൽ അധികം തുക നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 8/14.8.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക 22306 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-32 കരിമരം കുളം നവീകരണം - ഗുണനിലവാരമില്ലാതെ പ്രവൃത്തി നടപ്പാക്കിയതിനാൽ തുക പാഴ്ചെലവ്

പ്രോജക്റ്റ് - SOO50/23

ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ബിൽ - 2215055203490058262 8/27.9.22 - 99632

എം. ബുക്ക് - 139/21-22

കരാർ - 02/28.6.21 (Estimate Rate)

മൂല്യനിർണ്ണയം - 99632

കരാറുകാരൻ - KV.ഷംസു

Cost Index -36.44% (DSoR 2018)

Esti. No.- 2021/9779

TS- 99556/23.2.21 --1,50,000

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കരിമരം കുളം നവീകരണം എന്ന പ്രവൃത്തി 18.8.23 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ചു. പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ ചുവടെ പറയുന്നു.

1. 99632 രൂപ ചെലവഴിച്ച് നവീകരിച്ച കുളം നിലവിൽ ഉപയോഗിക്കാൻ കഴിയാതെ വൃത്തിഹീനമായമായ രീതിയിൽ ആണ്.

2. അളവ് പുസ്തകം അധിക ഇനം 3 പ്രകാരം, ചെങ്കല്ല് കെട്ടിയതിൻമേൽ സിമെന്റ് പ്ലാസ്റ്ററിംഗ് നടത്തിയിട്ടുണ്ട്. എന്നാൽ സിമന്റ് കുറവായും ഗുണനിലവാരമില്ലാതെയും പ്രവൃത്തി നടത്തിയതിനാൽ പ്ലാസ്റ്ററിംഗ് മിക്ക ഭാഗവും പൊളിഞ്ഞുപോയ അവസ്ഥയിലാണ്. ഈ ഇനം ചെയ്യുന്നതിന് വേണ്ടി 4296 (3640.32 + 18% GST)രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

3. കുളത്തിലെ വെള്ളം ഒഴിവാക്കുന്നതിന് വേണ്ടി ഇനം 1 പ്രകാരം 5841.60 രൂപയും കുളത്തിലെ മണ്ണ് എടുക്കുന്നതിന് വേണ്ടി അളവ് പുസ്തകം ഇനം 2 പ്രകാരം 18842.11 രൂപയും അനുവദിച്ചുട്ടുണ്ട്. എന്നാൽ കുളത്തിലെ മണ്ണ് എടുക്കുന്ന പ്രവൃത്തി ശരിയായി ചെയ്തിട്ടില്ലെന്ന് പ്രദേശവാസികൾ ബോധ്യപ്പെടുത്തി. 86.40 M3 മണ്ണ് കുളത്തിൽ നിന്നും എടുത്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തയിട്ടുണ്ട്. എന്നാൽ ഇതിന്റെ നിജസ്ഥിതി വ്യക്തമല്ല. കുളത്തിലെ ചെളി നിറഞ്ഞ മണ്ണ് മുഴുവൻ നീക്കം ചെയ്യാത്തതിനാൽ നിലവിലും കുളം ഉപയോഗിക്കാൻ കഴിയാതെ കിടക്കുന്നു.

നിലവിൽ ഈ പ്രവൃത്തിക്ക് വേണ്ടി ചെലവഴിച്ച തുക പാഴ്ചെലവായിരിക്കുകയാണ്.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/18.8.23) അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരം കുളത്തിലെ വെള്ളവും മണ്ണും നീക്കം ചെയ്തിട്ടുണ്ടെന്നും പ്ലാസ്റ്ററിംഗിലെ അപാകത പരിഹരിക്കുന്നതിന് റീ പ്ലാസ്റ്ററിംഗ് നടത്തുന്നതിന് കരാറുകാരന് നിർദേശം നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. കുളം ഉപയോഗയുക്തമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും റീ പ്ലാസ്റ്ററിംഗ് നടത്തി ഫോട്ടോ സഹിതം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്. പ്രവൃത്തിയുടെ അപാകത പരിഹരിക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-33 പഞ്ചായത്ത് സ്കൂൾ കെട്ടിടങ്ങളുടെ വിസ്തീർണ്ണം (Area) ഫിറ്റ്നസ് സർട്ടിഫിക്കറ്റുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ, അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ സഞ്ചയ

സോഫ്റ്റ് വെയറിൽ (Form 6) രേഖപ്പെടുത്തിയ വിസ്തീർണ്ണം അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റുമായി പൊരുത്തപ്പെടുന്നില്ല.

വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | കെട്ടിട നമ്പർ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വിസ്തീർണ്ണം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം വിസ്തീർണ്ണം |
|---|---|---|---|
| GHS, നിറമരുതൂർ | 10/155<br>10/155B<br>10/156<br>10/157<br>10/158<br>10/234<br>10/235<br>10/236<br>10/237<br>10/238 A | 1000 $M^2$<br>314.84 M2<br>1000 $M^2$<br>1000 M2<br>1000 M2<br>100 M2<br>45 M2<br>100 M2<br>100 M2<br>240.87 M2<br>Total – 4900.71 M2 | 1190.7 $M^2$ |
| GHSS, നിറമരുതൂർ | 10/155A<br>10/232<br>10/233 | 1163.6 $M^2$<br>100 M2<br>100 M2<br>Total – 1363.60 M2 | 1151.45 M2 |
| സരസ്വതി വിദ്യാനികേതൻ | | സഞ്ചയയിൽ വന്നിട്ടില്ല. | 223.26 $M^2$ |
| GUPS, നിറമരുതൂർ | | സഞ്ചയയിൽ വന്നിട്ടില്ല. | 1882.33m2 |

സ്കൂളുകളുടെ കെട്ടിട നമ്പർ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കാത്തതിനാൽ മുഴുവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നേടി അധികൃതമാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. ഫിറ്റ്നസ് അനുവദിച്ച ഏതാനും സ്കൂളുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടതായും കണ്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/18.8.23) ഓഡിറ്റ് അന്വേഷണത്തിൽ പരാമർശിച്ച ഏതാനും സ്കൂളുകൾ സഞ്ചയയിൽ ഉൾപ്പെട്ടതായതിന്റെ രേഖകൾ ലഭ്യമാക്കി. ഓഡിറ്റ് അന്വേഷണത്തിൽ പരാമർശിച്ച കിസ്മത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ നിർത്തലാക്കിയതായി അറിയിച്ചു. മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കിയില്ല. സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-34 അസിസ്റ്റന്റ്. എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ 106167.53 രൂപ നീക്കിയിരിപ്പ് - കാഷ് ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല.

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ വൈലത്തൂർ SBI ശാഖയിൽ ഉള്ള 41044116431 നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.3.23 ന് 106167.53 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക, ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ ഇത്തരത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽത്തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല. ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു.

(ബാങ്ക് അക്കൗണ്ടിൽ 5.8.23 ന് 1,11,917.53 രൂപ നീക്കിയിപ്പുണ്ട്.)

ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No.19/17.8.23) മറുപടിയായി ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്ന തുകയാണിതെന്നും മേൽ തുക സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് മാറ്റുന്നതാണെന്നും അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ കാഷ് ബുക്ക് ക്രമപ്രകാരം പരിപാലിക്കേണ്ടതാണ്.

## 1-35 റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് സംബന്ധിച്ച്

ആസ്തിരജിസ്റ്റർ -റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് അടിയന്തിരമായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ 31.10.22 ലെ PAN/3173/2021-JI(DP) നമ്പർ സർക്കുലർ പ്രകാരം നിർദേശം നൽകിയിരുന്നു. ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് വേണ്ടി KSREC (Kerala State Remote Sensing And Environment Centre) തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ് ഫോം വഴിയും R-Track മൊബൈൽ ആപ്ലിക്കേഷൻ വഴിയും പദ്ധതി നടപ്പാക്കാൻ നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി R-Track Data Collection And Processing 30.11.22 നകം പൂർത്തിയാക്കേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കൽ പ്രവർത്തനങ്ങൾ എന്ന പേരിൽ തൻവർഷം അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 56/23 നമ്പർ പ്രോജക്റ്റ് (അടങ്കൽ 178105 രൂപ) വച്ച് 1,04,945 രൂപ ചെലവഴിച്ചിട്ടുണ്ട്. ആസ്തി റോഡ് മാപ്പിംഗ് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് നടത്തിയതിന്റെ പ്രിന്റ് എടുത്ത് വച്ചിട്ടില്ല. R-Track Data Collection 17 വാർഡുകളിൽ നടത്തിയിട്ടുണ്ട്. റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് നടത്തിയതിന്റെ പ്രിന്റ് തയ്യാറാക്കി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണത്തിന് (12/14.8.23) R-Track Data Collection നടത്തിയത് മൊബൈൽ ആപ്ലിക്കേഷനിൽ കാണിച്ചു തന്നു)

## 1-36 ദുരാതശ്വാസ നിധി രേഖകൾ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ-2003 പ്രകാരം, പ്രകൃതി ദുരന്തങ്ങൾ, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും, ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമ പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ-കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ഈ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്.

നിധിയുടെ വരവ്- ചെലവ് കണക്കുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണ ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചു പോരേണ്ടതാണ്. നിധിയിലേക്കുള്ള സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ളതും, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പിട്ടതുമായ രസീതി നൽകേണ്ടതാണ് . നിധിയിലേക്ക് ധനം സംഭരിക്കുന്നതിനുള്ള സംഭാവനകൾ ഏകോപിപ്പിക്കുന്നതിനും നിധിയിൽ നിന്നുള്ള സഹായത്തിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനും പ്രസിഡണ്ട്, സെക്രട്ടറി, തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഗ്രാമ പഞ്ചായത്തംഗം എന്നിവരടങ്ങുന്ന ഒരു സബ്- കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പ്രസിഡണ്ട് ചെയർമാനും സെക്രട്ടറി ഇതിന്റെ കൺവീനറുമായിരിക്കണം. നിധിയെ സംബന്ധിച്ച വരവു- ചെലവു കണക്കുകൾ ഒരു പ്രത്യേക ക്യാഷ്ബുക്കിൽ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സൂക്ഷിച്ചു പോരേണ്ടതാണ്. ഇതിനു പുറമേ, ധനസഹായത്തിനുള്ള അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ ,അനുവദിക്കപ്പെട്ട ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ,

സബ്കമ്മിറ്റി യോഗ നടപടികളുടെ ഒരു മിനിറ്റ്സ് എന്നിവയും പരിപാലിക്കേണ്ടതാണ്.
ദുരിതാശ്വാസ നിധി സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 16/17.08.23) മറുപടി ലഭിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല.
ആയതിനാൽ മേൽ പറഞ്ഞ ചട്ടപ്രകാരം ദുരിതാശ്വാസ നിധി സംബന്ധിച്ച രേഖകൾ സൂക്ഷിക്കുകയും പരിപാലിച്ച് പോരേണ്ടതുമാണ്.

## 1-37 രേഖകൾ ഹാജരാക്കിയിട്ടില്ല

1. വാർഷിക കണക്ക് പ്രകാരം റോഡ് റിസ്റ്റോറേഷൻ ചാർജ്ജിനത്തിൽ 65817/- രൂപയുടെ വരവുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കാനായി ഫയൽ ഹാജരാക്കിയിട്ടില്ല.

2. വാർഷിക കണക്ക് പ്രകാരം ലേലമിനത്തിൽ 8400/- രൂപയുടെ വരവുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കാനായി ലേല ഫയൽ ഹാജരാക്കിയിട്ടില്ല.
മേൽ ഫയലുകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (21/17.08.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയോ ഫയൽ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഫയലുകൾ ഓഡിറ്റിനു മുൻപാകെ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-38 ലൈബ്രറി സെസ്സ്-പിരിച്ചെടുത്ത തുക അടവാക്കാൻ അവശേഷിക്കുന്നു

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം ) ആക്ട് , 1989ലെ വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തുനികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. സർക്കുലർ നം. 17263/ഘ3/തസ്വഭവ തിയതി. 29.12.2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടവാക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ 2022-23 വാർഷിക കണക്കിലെ ഷെഡ്യൂൾ B-9 പ്രകാരം 138574/- രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ അവശേഷിക്കുന്നുണ്ട്. പിരിച്ചെടുത്ത തുക നാളിത് വരെ അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (30/18.08.2023) നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക കൃത്യസമയത്ത് ഒടുക്കിയില്ലെങ്കിൽ പിഴ അടവാക്കേണ്ടതും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുകയും ചെയ്യുന്നതാണ്. ലൈബ്രറി സെസ്സ് അടവാക്കി വിവരം അറിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പാപ്പിനിത്തറ തോട് പ്രൊട്ടക്ഷൻ - തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ കരാറുകാരന് അധിക തുക നൽകി.- നഷ്ടം 22306 രൂപ

മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റോഡ് പ്രവൃത്തികൾക്കും അതിനോടനുബന്ധിച്ച മറ്റ് പ്രവൃത്തികൾക്കും MORD/MORTH SOR പ്രകാരവും മറ്റ് പ്രവൃത്തികൾക്ക് DSR പ്രകാരവുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പാപ്പിനിത്തറ തോട് പ്രൊട്ടക്ഷൻ എന്ന പ്രവൃത്തിക്ക് DSR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ റോഡ് പ്രവൃത്തികൾക്ക് ബാധകമായ MORD SOR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

DSR പ്രകാരം തയ്യാറാക്കേണ്ട എസ്റ്റിമേറ്റ് തെറ്റായി MORD SOR പ്രകാരം തയ്യാറാക്കിയതുമൂലം പ്രവൃത്തിക്ക് അധികം പണം നൽകാൻ ഇടയായിട്ടുണ്ട്.

അധികം നൽകിയ തുകയുടെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | ചെയ്ത പ്രവൃത്തി | അളവ് | നൽകിയത് | നൽകാവുന്നത് | അധികം നല്കിയത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പാപ്പിനിത്തറ തോട് പ്രൊട്ടക്ഷൻ ( 59/23) വൌച്ചർ- XYFC/22-23 /P/15/14.9.22 തുക 574289 മൂല്യനിർണ്ണയം - 574289 അളവ് പുസ്തകം 181/21-22 കരാറുകാരൻ ശ്രീ. P.അബ്ദുൾ അസീസ് കരാർ. 19/10.11.21 (E.Tender) കോസ്റ്റ് ഇൻഡക്സ് 31.06% ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 6,50,000 Esti – 2021/48408 TS – 20490/21-22 /9.8.21 | MoRD Code 3.5.1 | 52.92 M3 | 4762.80 (52.92 M3x90/m3) (228.52/m3-60.616% Tender Below) | 4544.76 (52.92 M3x85.88/m3) (218.08/m3-60.616% Tender Below) (DSR Code-2.8.1) | 218.04 |
| | Dry Rubble Masonry MoRD-OD-1281818/21-22 | 200.24 M3 | 476571.20 (200.24 M3x2380/m3) (2620.47/m3-9.176% Tender Below) | 457470.30 ( 200.24 M3x2284.61/m3) (2515.43/m3-9.176% Tender Below) (DSR Code-60.7.1) | 19100.90 |
| | CC MoRD Code 11.4.4 | 5.513 M3 | 31424 (5.513 M3x5700/m3) (7842.08/m3-27.315% Tender Below) | 28789.71 (5.513 M3x5222.15/m3) (7184.64/m3-27.315% Tender Below) (DSR Code-4.1.3) | 2634.29 |
| | | | | 2036.86 Centering&Shuttering) 11.025 M2 X 184.75/m2= (254.19-27.315% Tender Below) (DSR Code-5.9.1) | (-) 2036.86 |
| | | | | | 19916.37 |
| | | | | (+) 12% GST | 22306 |

പ്രവൃത്തിയിൽ അധികം തുക നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 8/14.8.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക 22306 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ | ഈ റിപ്പോർട്ടിന്റെ |

| | | |
|---|---|---|
| | പത്രികയുടെ പരിശോധന നടത്തി | ഭാഗമാക്കി |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 174800 | 84/23- സുസ്ഥിര നെൽകൃഷി വികസനം | 174800 | |
| | 89310 | 24/23- പരിരക്ഷ | 89310 | |
| | 1210000 | 106/23- ലൈഫ് ഭവന പദ്ധതി(ജനറൽ) | 1210000 | |
| | 600000 | 107/23- ലൈഫ് ഭവന പദ്ധതി(എസ് സി) | 600000 | |
| | 700000 | 119/23-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 700000 | |
| | 1218692 | 65/23- ആലിൻചുവട് വെള്ളക്കെട്ട് ഒഴിവാക്കൽ | 1218692 | |
| | 100000 | 194/23- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | |
| ആകെ | 4092802 | | 4092802 | |

| | | | | |
|---|---|---|---|---|
| | | | | |
| ജില്ലാ പഞ്ചായത്ത് | 200000 | 106/23- ലൈഫ് ഭവന പദ്ധതി(ജനറൽ) | 200000 | |
| | 230000 | 119/23-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 230000 | |
| | 500000 | 225/23- പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | |
| ആകെ | 930000 | | 930000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് ഭവന പദ്ധതി ലോൺ | ലഭ്യമല്ല | 9554133 | 1,77,20,000 | 4556727 | | 22717406 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5251/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രസീതി നമ്പർ |
|---|---|---|---|---|
| 2021-22 | 1-18 | 5251/- | അസി. എഞ്ചിനീയർ | 1220104807/ 22.02.2023 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2014-15 | 2(2) | 2016-17 | അനുബന്ധം – 5 | 2(2) തൊഴിൽ നികുതിയിൽ ഇളവ് നല്കി- നഷ്ടം- 4750/രൂപ |
| | 2(3) | | | 2(3) സ്ഥാപന തൊഴിൽ നികുതി – പിഴപ്പലിശ ഈടാക്കുന്നില്ല |
| 2015-16 | 2(2) | 2016-17 | അനുബന്ധം – 5 | തൊഴിൽനികുതി കുറവായി ഈടാക്കി - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക അടവാക്കി. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക (₹) | അവശേഷിക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2008-09 | 3-10 | സി.പി ഗോവിന്ദൻ | LF 10434/spl.cell /csc/2012 Dt. 25.07.2014 | 20,000 + Interest | 20,000 | WP(c)1156/17 High Court Of Kerala Interest Stay 12.01.17 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 138819398 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 126928544 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22306 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 802662 |

(ആകെ വരവിലും ചെലവിലും 1-4 പ്രകാരമുള്ള വിവിധ ഫണ്ടിനങ്ങളിലുള്ള വരവ് ചെലവുകളും തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 22306 | ശ്രീമതി. മഞ്ജു ജി , അസിസ്റ്റന്റ് എഞ്ചിനീയർ - 11153/-<br>ശ്രീമതി. ജുമൈലത്ത് വി വി, അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ - 11153/- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 600000 | ശ്രീ. സാദിഖ് പി പി ,ഹെഡ്മാസ്റ്റർ |
| 1-16 | 36400 | ശ്രീ. സാദിഖ് പി പി ,ഹെഡ്മാസ്റ്റർ |
| 1-20 | 22,840 | ഡോ. നിഷ പി ബി ,മെഡിക്കൽ ഓഫീസർ( പി.എച്ച്.സി) |
| 1-22 | 43790 | ശ്രീ. ബിനുരാജ് ബി, സെക്രട്ടറി |
| 1-32 | 99632 | ശ്രീമതി. മഞ്ജു ജി , അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 802662 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. മഞ്ജു ജി, അസിസ്റ്റന്റ് എഞ്ചിനീയർ | പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്ത് | പൊട്ടവിള വീട് പാലപ്പൂർ വെള്ളായണി തിരുവനന്തപുരം-695522 |
| ശ്രീമതി. ജുമൈലത്ത് വി വി, അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | ലഭ്യമല്ല | തിരുനാവായ കളത്തിൽ ഹൗസ് പകരനെല്ലൂർ പാഴൂർ പി ഒ കുറ്റിപ്പുറം- |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.എം.പി.എം.16/2024/2022(1) തിയതി 21.10.2022 | 1 |
| 2004-05 | കെ.എസ്.എ.എം.പി.എം.16/2024/2022(3) തിയതി 21.10.2022 | 4 |
| 2005-06 | കെ.എസ്.എ.എം.പി.എം.16/2024/2022(4) തിയതി 21.10.2022 | 1 |
| 2006-07 | കെ.എസ്.എ.എം.പി.എം.16/2024/2022(5) തിയതി 21.10.2022 | 1 |
| 2007-08 | കെ.എസ്.എ.എം.പി.എം.16/2024/2022(6) തിയതി 21.10.2022 | 4 |
| 2008-09 | കെ.എസ്.എ.എം.പി.എം.16/2024/2022(7) തിയതി 21.10.2022 | 10 |
| 2009-10, 2010-11 | കെ.എസ്.എ.എം.പി.എം.16/2024/2022(8) തിയതി 21.10.2022 | 3 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.16/2024/2022(9) തിയതി 21.10.2022 | 5 |

| | | |
|---|---|---|
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.16/2024/2022(10) തിയതി 21.10.2022 | 5 |
| 2015-16 | കെ.എസ്.എ.എം.പി.എം16/520/2019 തിയ്യതി 23.03.2019 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം.16/2353/2017 തിയതി 09.07.2018 | 12 |
| 2017-18 | കെ.എസ്.എ.എം.പി.എം.16/234/2019 തിയതി 10.06.2019 | 17 |
| 2018-19 | കെ.എസ്.എ.എം.പി.എം.16/7/2020 തിയതി 06.03.2020 | 20 |
| 2019-20 | കെ.എസ്.എ.എം.പി.എം.16/1634/2021 തിയതി 17.10.2022 | 10 |
| 2020-21 | കെ.എസ്.എ.എം.പി.എം.16/1635/2021 തിയതി 12-04-2023 | 15 |
| 2021-22 | കെ.എസ്.എ.എം.പി.എം.16/379/23 തീയതി, 03-07-2023 | 3 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 14-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Niramaruthoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Niramaruthoor Grama Panchayat for the year 2022-2023

Date: 03/11/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Niramaruthoor Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.

a)Ratios

b)notes on accounts

c) comparative amounts of previous year.

2. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.The accounts recorded on Advance register,Loan Register, NREGS cash book statement are not match with the

accounts concerned in Annual Financial statements. Auction Register not submitted for audit.

4.Wrongly accounted in false head .The amount received as loan from KURDFC in connection with Life Housing Project is included in the title of Secured Loans- Other Loans instead of being included in the title of Secured Loans- Loan from KURDFC in RP-31.

5.Lapses in making timely and accurate demand entries in respect of property tax.

6.No source document for journal entries.

7.The following Grant liability amount shown as liability in Balance sheet does not match with Bank account opened for the specified grant amount.

| Item | B-4 | B-17 |
|---|---|---|
| CFC | 6378894(TIED + UNTIED) | 6772127 |

8.Appropriation control register for specific purpose grants kept in own fund account is not maintained.

9.The utilization of funds in AFS is inconsistent with the ACR.

10.Directly debited by bank -Further action not taken.

11. As per reconciliation statement of UNION BANK OF INDIA (550902010001708) which keeps NREGS fund, Pass book balance as on 31.03.2023 is 0 but as per bank statement balance as on 31.03.2023 is Rs.860044/-.

12. The following demand registers are not periodically reconciled with accounts

License register,Profession tax register

13.All assets and liabilities prior to the changeover to the accrual based accounting system are depreciated and not included in the balance sheet.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്